**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :T 4818** — **19/05/2017 ൽ മറുപടിയ്ക്ക്**

# കശുമാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ

**ചോദ്യം**
**ശ്രീ.അബ്ദുൽ ഹമീദ്.പി**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ കശുവണ്ടി മേഖലയിലെ നിലവിലെ സ്ഥിതി വിശദമാക്കുമോ ; | (എ) & (ബി) | കശുവണ്ടി മേഖല ഇന്നഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം തോട്ടണ്ടി ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിയതിന്റെ ഫലമായി പൊതുമേഖലയിലുള്ള 40 കശുവണ്ടി ഫാക്ടറികളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. ഈ ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ കേരളത്തിൽ ലഭ്യമായ തോട്ടണ്ടി സമാഹരിച്ചു വരുന്നു. സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ഇനിയും തുറക്കാൻ ബാക്കിയുള്ള ഫാക്ടറികൾ തുറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടർന്നു വരികയാണ്. കശുവണ്ടി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമായി വിദേശത്തു നിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനും പരിപ്പ് വിപണനം ചെയ്യുന്നതിനുമായി കേരള കാഷ്യു ബോർഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചു വരുന്നു. സാമ്പത്തിക പ്രയാസത്താൽ ഇപ്പോഴും അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിന് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരികയാണ്. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിന് കേരളത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി |
| (ബി | കശുവണ്ടി വ്യവസായം ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ ഈ രംഗത്തെ എല്ലാ പ്രശ്നങ്ങളും അഭി സംബോധന ചെയ്യുന്നതിലൂടെ കശുമാവ് കർഷകർക്കും വ്യവസായ തൊഴിലാളി കൾക്കും ചെറുകിട വ്യവസായികൾക്കും സഹായകരമായ അന്തരീക്ഷം ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കു കൂട്ടുന്നത്. |
| (സി) | കശുമാങ്ങ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വാണിജ്യ സാധ്യതകൾ മുതലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | (സി) | കശുമാങ്ങ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ കാപ്പെക്സും കാഷ്യു കോർപ്പറേഷനും സ്വീകരിച്ചു വരുന്നു. |

Rajib
സെക്ഷൻ ഓഫീസർ